


ലിറ്റിൽകൈറ്റ്സ്

**GOVT. V & HSS ARYANAD**

# എഡിറ്റോറിയൽ

വൈകാരീകത സർഗ്ഗാത്മക സ്പന്ദനം ഏൽക്കുമ്പോൾ കലാസൃഷ്ടികൾ വർണ്ണച്ചിറകുകൾ വീശി ഉയർത്തെഴുന്നേൽക്കുന്നു. അക്ഷരങ്ങളെ വാക്കുകളാക്കി പുനർജ്ജനിപ്പിച്ച് നിലാവിൻറെ കുളിർമഴ ഹൃദയത്തിലാവാഹിച്ച് ജീവിതത്തിൻറെ നന്മകൾ തിരിച്ചറിയാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം.....

പാർവ്വതി. ബി



മാഗസിൻ എഡിറ്റർ

# ഞങ്ങളുടെ പ്രഥമാധ്യാപിക



## ശുഭലക്ഷ്മി ടീച്ചർ



# ഞങ്ങൾ കൊച്ചുപട്ടങ്ങൾ

**ഉള്ളടക്കം**

എഡിറ്റോറിയൽ....2
വൈകാരീകത സർഗ്ഗാത്മക സ്പന്ദനം ഏൽക്കുമ്പോൾ കലാസൃഷ്ടികൾ വർണ്ണച്ചിറകുകൾ വീശി ഉയർത്തെഴുന്നേൽക്കുന്നു. അക്ഷരങ്ങളെ വാക്കുകളാക്കി പുനർജ്ജനിപ്പിച്ച് നിലാവിൻറെ കുളിർമഴ ഹൃദയത്തിലാവാഹിച്ച് ജീവിതത്തിൻറെ നന്മകൾ തിരിച്ചറിയാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു....2
സ്നേഹപൂർവ്വം....2
പാർവ്വതി. ബി....2
മാഗസിൻ എഡിറ്റർ....2
ഞങ്ങളുടെ പ്രഥമാധ്യാപിക....3
....3
....3
....3
ശുഭലക്ഷ്മി ടീച്ചർ....3
ഞങ്ങൾ കൊച്ചുപട്ടങ്ങൾ....4
അമ്പലനടയിലെ ഉത്സവം....7
DREAM....8
HOW TO BECOME RICH....9
MONEY IS IMPORTANT....9
....10
ഉറങ്ങാത്തവൻ....10
ജലം....12
ഉറങ്ങാത്തവൻ....13
പഴഞ്ചൊല്ലുകൾ....15
....18
പ്രകൃതിയെ സംരക്ഷണം....19
അതിജീവനം....21
കേരളത്തിന്റെ പിറവി....22
ENVIRONMENT....23
A RAIN DROP....24
William SHAKESPEARE....25
....26
കണക്കിന്റെ വഴി....26
....28
അഭിജിത്ത്....28
പ്രഭാതം....28
TEENAGE....29
TWILIGHT....30
My dreams....31
Echo of Life....33
I Am The Earth....35

സുഹൃത്ത്....37
കാവൽവിളക്ക്....39
എന്റെ വിദ്യാലയം....40
പിറന്നാൾ സമ്മാനം....42
കാലം....47
GLOOMY DAY....48
FUN IN NUMBER....49
സൗഹൃദം....50
ജീവൽസ്പന്ദങ്ങൾ....51
'മഹത് വചനങ്ങൾ'....52
Wishes To Friend....53
ഓർമ്മപ്പെരുക്കം....54
ഉറുമ്പുപട്ടാളം....59

# അമ്പലനടയിലെ ഉത്സവം

ഉത്സവമാണ് ഇത് ഉത്സവമാണ്
അമ്പലനടയിൽ ഉത്സവമാണേ
ആനകളുണ്ടേ ആളുകളുണ്ടേ
ഉത്സവമാണെ രസകരമാണെ
ചെണ്ടകളനവധി കൊട്ടുന്നുണ്ടേ
തരികിടകിടതകി , തരികിടകിടതകി
മദ്ദവാാറൻ അടിക്കൊണ്ടിട്ട്
തത്തോം പൊത്തോം കരയുന്നുണ്ടേ
പപ്പര പരപര പപ്പര പരപര
കത്തുന്ന വെടികൾ പൊട്ടുന്നുണ്ടേ
ഠോ ഠോ ഠോ ഠോ ഠോ ഠോ ഠോ ഠോ
ആകപ്പാടെ രസകരമാണേ
അമ്പലനടയിലെ ഉത്സവമേളം........

സാനിയ.എം.എസ്, 8 A

# DREAM

**I had a dream**
**My sweet lovely dream**
**My dream is my hope**
**And i love my dream**

**My dream are like a river**
**that flows anywhere**
**My dreams are like a sun**
**that flow every where**

**I had a dream**
**my dream is my ambition**

**Nithya.M.J, 8 A**

# HOW TO BECOME RICH

## MONEY IS IMPORTANT

**Most of us have the intention to make money and Become rich. Money is important. Money is a tool, a means of exchange. Money is important. Everyone of us know this truth. A rich person knows better about money. He knews how to create it. Money cannot be gron. It is not the product of any plant. But the ideas of grows. Money will gave a greater influences on our lives than any other commodity.**

**There are people who ask that money can do? There are also people who say money can do anything .**

**Money can bring any number of articles to a place where we are.**

**Money gives an appereance of beauty even to ugliness, but everything become frightful with poverty. Money is a perfect thing in our life.**

**By**

**Aromal A**

# ഉറങ്ങാത്തവൻ

സുധേവൻ വലിയ ധനവാനായിരുന്നു. അയാൾക്ക് ഒന്നിനും ഒരു കുറവില്ല. മറ്റുള്ളവരെ ദ്രോഹിച്ച് അയാൾ അത്രയ്ക്ക് സമ്പാദിച്ചിരുന്നു. രാത്രയിൽ എല്ലാവരും സുഖമായുറഹങ്ങുന്ന നേരത്ത് അയാൾ ഉറങ്ങാതെ ഉത്കണ്ഠനായിരിക്കും.

സുധേവന്റെ മണിമാളികയുടെ അടുത്തുതന്നെ ദരിദ്രനായുള്ള കർഷകനുണ്ട്. രാത്രിയിൽ വീട്ടിന്റെ തിണ്ണയിൽ സുഖമായി മൂടിപ്പുതച്ചുറങ്ങും. "ഹൊ എനിക്കുമിതുപോലെ ഉറങ്ങാൻ കഴിഞ്ഞിരുന്നെങ്കിൽ." സുധേവന് അസൂയ തോന്നി. ഇതിനൊരു പരിഹാരം കാണാൻ അയാളൊരു സന്ന്യാസിയുടെ ഉപദേശം തേടി. "ദാ ആ കാണുന്ന കർഷകനെപ്പോലെ എനിക്കും സുഖമായുറങ്ങണം" അയാൾ പറഞ്ഞു. അതിനൊരുവഴിയേ ഉള്ളൂ; നിന്റെ അമിതമായ സമ്പത്തെല്ലാം ദരിദ്രർക്കു കൊടുക്കുക, അവർ തർക്കിച്ചു.

"സ്നേഹിതാ എനിക്കു ധാരാളം സമ്പത്തുണ്ട്. ഇതു നിങ്ങൾക്കിരിക്കട്ടെ." സുധേവൻ

കർഷകനോടു പറഞ്ഞു. പെട്ടിയുമടക്കിപ്പിടിച്ച് അയാൾ കുടിലിലേക്കു പോയി. മട്ടുപ്പാവിൽ നിന്ന് രാത്രി കർഷകന്റെ വീട്ടിലേക്കു സുധേവനും സന്ന്യാസിയും നോക്കി ഉറങ്ങാതെ കർഷകൻ പെട്ടിക്കു കാവലിരിക്കുന്നതു അവർ കണ്ടു. ഇപ്പോൾ എന്തു പറയുന്നു, അതെ സ്വാമി അങ്ങു പറഞ്ഞതു ശരിതന്നെ. അമിത സമ്പത്ത് ഉറക്കം കെടുത്തും അയാൾ സമ്മതിച്ചു.

സാന്ദ്ര.എസ് ,8 A

# ജലം

ജലം എന്നത് വളരെ അമൂല്യമായ ഒരു വസ്തുവാണ്. മനുഷ്യന് ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒരു ഘടകമാണ് ജലം. ഇന്ന് മനുഷ്യരുടെ ക്രൂര പ്രവർത്തനങ്ങളിലൂടെ ജലസ്രോതസ്സുകൾ കുറഞ്ഞു വരുന്നു. അതിന്റെ ഫലമായി ജലദൗർലഭ്യം രൂക്ഷമമായിക്കൊണ്ട് ഇരിക്കുന്നു. അതിനാൽ നമ്മൾ ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതാണ്. ഇന്ന് വേനൽക്കാലത്ത് ജനങ്ങൾ വെള്ളത്തിനായി നെട്ടോട്ടം ഓടുന്നു. വെള്ളം ഇന്ന് പലരും രൂപ കൊടുത്തു വാങ്ങുന്നു. അതിനാൽ ജലം സംരക്ഷിക്കേണ്ടത് നമ്മൾ ഓരോരുത്തരുടേയും കടമയാണ്

ഇപ്പോൾ ജലത്തിന്റെ പ്രാധാന്യം ഏറെക്കുറെ നിങ്ങൾക്ക് മനസ്സിലായിക്കാണുമെന്നു വിശ്വസിക്കുന്നു. kk

"ജലം അമൂല്യമാണ്

അത് പാഴാക്കരുത്"

സാന്ദ്ര.എസ്, 8A


പൂമരങ്ങൾ
2019-1-18 14:09


Abhirami : 8
2019-1-18 14:08

# പഴഞ്ചൊല്ലുകൾ

1. ഇരുമ്പിന് തുരുമ്പ് കേട്
2. ഇരിക്കും കൊമ്പ് മുറിക്കരുത്
3. ആരുമില്ലാത്തവർക്ക് ദൈവം തുണ
4. ആറു ചെവി കേട്ടാൽ പാട്ടാകും
5. ആറിയ കഞ്ഞി പഴങ്കഞ്ഞി
6. ആശാനും അടവ് പിഴയ്ക്കും
7. ആനയ്ക്ക് ശത്രു ആന തന്നെ
8. ആയിരം കാക്കയ്ക്ക് അരക്കല്ല്
9. അടച്ച വായിൽ ഈച്ച കയറില്ല
10. അധികമായയാൽ അമൃതും വിഷം
11. അട്ടയെ കുളിപ്പിച്ച് മെത്തയിൽ കിടത്തുക
12. അസത്യതിനും കാലില്ല
13. അപേക്ഷിക്കുന്നവനെ ഉപേക്ഷിക്കരുത്
14. അണ്ണാൻ കുഞ്ഞും തന്നാലായത്
15. അത്താണി കണ്ട ചുമട്ടുക്കാരനെപ്പോലെ

അലീനാരാജ്, 8 A

# കടങ്കഥകൾ

1. അകം എല്ലം തോലും പുറം പൊന്തും പൊന്തും?

-വൈക്കോൽത്തുറ

2. മുറ്റത്തൊരമ്മ കുട ചൂടിനിൽക്കുന്നു?

-കൂൺ

3. മുറ്റത്തൊരു കാള കയറിൽ കുരുങ്ങി നിൽക്കുന്നു?

-മത്തങ്ങ

4. മഴക്കാലത്തും മിഴിപ്പൂട്ടാ സുന്ദരി?

-മത്സ്യം

5. മാനം മൂട്ടും വീശു മുറം?

-കൺപോള

6. മലയിൽ നട്ട വാഴ കടലിൽ കുലച്ചു?

-സൂര്യൻ

7. മുറ്റത്തെ ചെപ്പിനടപ്പില്ല?

-കിണർ

8. രണ്ടെണ്ണ ഒരു കുപ്പിൽ?

-മുട്ട

9. മുറം നിറച്ചിരുട്ട്?

-എള്ള്

10. വായില്ലാത്തവൻ വെള്ളം കുടിച്ചു?

-സ്പോഞ്ച്

ഗോപിക , 8A

# പ്രകൃതിയെ സംരക്ഷണം

പ്രിയ കൂട്ടുക്കാരേ, ഈ ലേഖലം നിങ്ങൾക്കുള്ള ഒരു സന്ദേശമായി സ്വീകരിക്കണം.

പ്രകൃതിയെ പലരും പലരീതിയിൽ വർമ്ണിച്ച നിങ്ങൾ കണ്ടിട്ടുണ്ടാകും. ഭൂമിയുടെ സൗന്ദര്യവാഹിയായും കവികളും കഥാകൃത്തുക്കളും വർണ്ണിച്ചിട്ടുള്ളത് നാം കണ്ടിട്ടുണ്ട്. പ്രകൃതിക്ക് തനതായ ഒരു സൗന്ദര്യം ഉണ്ട്. പച്ചപ്പനിറഞ്ഞു നിൽക്കുന്ന ഭൂമി എന്നും മനുഷ്യന് നയന സുഖം നൽകുന്ന ഒന്നാണ്. എന്നാൽ കഴിഞ്ഞ കുറച്ച് പതിറ്റാണ്ടുകളായി അത്തരത്തിലൊരു പച്ചപ്പ നിറഞ്ഞ ഭൂമിയെ നമ്മുക്കാർക്കും കാണാൻ കഴിഞ്ഞിട്ടില്ല. പ്രത്തേകിച്ചും പുതിയ തലമുരക്ക് അവർക്ക് നെല്ല് എന്താണെന്ന് അറിയില്ല. കൃഷി എന്താണെന്ന് അറിയില്ല പ്രകൃതി എന്താണെന്ന് പോലും അറിയില്ല. നാം എല്ലാം ജൂൺ 5 ന് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി നാം പ്രകൃതിയെ സംരകഷിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. പക്ഷേ, പ്രതിജ്ഞ പാലിക്കാൻ പലപ്പോഴും മറന്നുപ്പാകുന്നു.

ഇന്ന് ഭൂമിയുടെ ശോചനീയാവസ്ഥയെ കുറിച്ച് ഓർമ്മിപ്പിക്കുവാനല്ല എന്റെ ഈ രചന. പകരം ഭൂമി

കുചിതയായാൽ ഉണ്ടേക്കാവുന്ന പ്രത്യാഘത്തെ കുറിച്ച് ഓർമ്മപ്പെടുത്തലാണ്. നാം പലരീതിയിൽ ഭൂമിയെ ചൂഷണം ചെയ്യുന്നു. ഭൂമിയല്ല ജനനീ അതാണ് ഉചിതമായ പദപ്രയോഗം. അതെ നമ്മുടെ ജനനി നാം മക്കൾ ചെയ്യുന്ന എല്ലാ കുറ്റകൃത്യങ്ങളും ക്ഷമിച്ച് നമ്മളെ വീണ്ടും സംരക്ഷിക്കുന്നു.

അഭിരാമി.എസ്

8 A

# അതിജീവനം

ഇന്നലെ ഇളം കാറ്റിൽ തലയാട്ടിയോളിയവൾ
കൊടുംകാറ്റിൽ ഇന്നിതാ വേരുറപ്പിച്ചിടുന്നു.
സുനാമിയോ കത്രീനയോ വീശിയടിച്ചോട്ടെ
അതിജീവിച്ചും ഞാനേതു വൻകൊടുംങ്കാറ്റും
അതിജീവനമെനിക്കേറ്റം പ്രധാനം
എന്നിയുന്നത്തിനായി വേരുറയ്ക്കുന്നു
എന്റെയീ ഈറൻ നിഴൽ പോറ്റീടുമെത്രേ
കോടിക്കണക്കിനു ജീവവൈവിധ്യങ്ങളെ
പെറ്റിട്ടും പെരകീട്ടും ഇണക്കീട്ടും
കളിയാടീടുന്നിവരതു താനെൻ സായൂജ്യം
ചൂടുപോരയിൽ ചേലൊത്ത മാംസപിണ്ഡങ്ങളെ
ആട്ടകവേദിയിൽ അരങ്ങുതകർക്കുക
സുനാമിയോ കത്രീനയോ വീശിയടിച്ചോട്ടെ
വേരുകൾ കരുത്തുറ്റ ആയുധമാക്കി
പോരാളിയാകും ഞാൻ നാളേയ്ക്കുവേണ്ടി
കുന്നുകളിടിക്കുന്ന ശകടാസുരന്മാരും
മണ്ണിനെ വിഷമയമാക്കിടും ദസ്മാസുരന്മാരും
ഓർക്കുക പോരാളിയാകും ഞാൻ നാളേക്കുവേണ്ടി......

മിഥുന.കെ.എ, 8 A

# കേരളത്തിന്റെ പിറവി

1956 നവംബര്‍ 1 ന് കേരളം രൂപം കൊണ്ടു.
കേരളം ഇന്ന് കൃഷി, സാംസ്കാരികം, വിദ്യാഭ്യാസം,ആരോഗ്യം
എന്നീ നിലകളില് മറ്റ് സംസ്ഥാനങ്ങള്‍ക്ക് മാതൃകയാണ്.
ഇന്നീകഴിഞ്ഞു പോയ പ്രളയം
നമ്മുടെ എല്ലാ സന്തോഷത്തെയും അടര്‍ത്തിയെടുത്തു.
മതസൗഹാര്‍ദ്ദത്തോടെ നമ്മള് കേരളത്തെ പിടിച്ചു.
കര-നാവിക സേനയുടെ സഹായത്തോടെ കേരളത്തെ
രക്ഷിക്കാന്‍ സാധിച്ചു. ഇതില് ഏറ്റവും വലിയ പങ്ക്
വഹിച്ച മത്സ്യത്തൊഴിലാളികള് അഭിനന്ദനങ്ങള്‍
അര്‍ഹിക്കുന്നവരാണ്. ഇന്നിതാ കേരളം പുനര്‍-
ജീവിക്കുന്നു- അതിശക്തിയോടെ. ദുരിതാശ്വാസ ഫണ്ടും
സാലറി ചലഞ്ചു പോലെ പല വഴികളിലൂടെയും
ഈ പുനര്‍ജീവനത്തിന് സഹായിച്ച എല്ലാ നിലയിലു-
ള്ളവരും അഭിനന്ദനങ്ങള്‍ അര്‍ഹിക്കുന്നു.
കേരളം തിരിച്ചെത്തും
അതിശക്തിയോടെ.........

# ENVIRONMENT

**The environment with it's treasures**
**All 80 countries to measure**
**Fish and whales in the deep blue water**
**Life in the sea , so alive**

**Grasslands and forests with**
**Terrestrial life , cold, freezing mountain**
**Peaks and not, firing deserts**
**Life among the trees and sta**

**turn life in the sky, so alivends, so alive**
**Sky so blue with air so clean**
**only sun, moon and stars to see**
**Eagles and vultures take their**

**- Surya Narayan J.R [8.B]**

## A RAIN DROP

*There's a race*
*on my face*
*so let's seewho will be*

*The first drop*
*to drip*
*from my nose*
*to my lip*

*from my lip*
*to my chin*
*from my chin*
*to my toes*

*who will win?*
*Goodness*
*knows!* _



*written by Bidhu Aravind A.B[8.B]*


## William SHAKESPEARE

***William Shakespeare was an English poet, play writer and actor,widely regarded as the greatest writer in the English language and as the world's pre-eminent dramatist. He is often called the bond of Avon. His work consist of 37 plays, 154 sonnets, 2 narrative poems, and a few other versus, the authorship of same of which is uncertain. His plays have been translated in the every major living languages and performs more often that those of any other play write Written some times between 1596 and 1598, the merchant of Venice is classified as an early Shakespearean comedy.***

\

***VISHNU M.S [8.B]***

# കണക്കിന്റെ വഴി




കൂട്ടാം കുറയ്ക്കാം രസിച്ച പഠിക്കാം
ആ ഗണിതശാസ്ത്രത്തെ
ഹരിക്കാം ഗുണിക്കാം പഠിച്ച രസിക്കാം
ആ ഗണിതശാസ്ത്രത്തെ

പഠനമൊരു ലഹരിയായി മാറുമീ
ലോകത്ത് അറിവിന്റെ സാഗരം
വളരുന്നിതാ

ലോകമൊട്ടാകെ അടച്ച ഭരിക്കുന്ന
ഗണിതശാസ്ത്രത്തെ നമിക്കുന്നു നാം

ഗണിതശാസ്ത്രത്തിന്റെ നട്ടെല്ല
പോലുള്ള പൂജ്യത്തെ സൃഷ്ടിച്ച
ആര്യഭട്ട

രസിച്ചാല് അടുക്കും
രസിച്ചില്ലേ , പിരിയുന്ന
രസകരമായൊരു ഗണിതശാസ്ത്രം



# പ്രഭാതം

മുറ്റത്തെ മുല്ല വിരിഞ്ഞു വന്നീടവേ
ചിത്രശലഭമാ തേൻ നുകർന്നീടുന്നു
ഊറ്റിലെ തെളിനീരൊഴുകുന്നു നിത്യവും
ദിനകരശോഭ പരന്നിതെല്ലാടവും

കിളികളുടെ കളമൊഴിയും കാറ്റിന്റെ ഈണവും
ഇലകളുടെ കൂട്ടത്തിൻ മർമര നാദവു-
മൊഴുകുന്ന കൈത്തോട് കണ്ണുനീർ ചാലു
പോല് പകലായി പൂവന്റെ 'കൊക്കരക്കോ'
വിളി !



അഭിജിത്ത്

# TEENAGE

Profound with colour of love
We all the teenage buds
Waiting for the time of bloom
In the garden of friendship

Dreams and friends we are about;
Not at all the worries of life
Like the lighting that flashes in sky,
And like the thunder that shakes the
world

We all have that nice friendship
Which may never sink like the titanic,
We all have such bright friendship
Which ever melts likes sweets ice-cream

We aim at what we can
We think, how to earn
We dream; what we love
But never take any pain

MAYA.A.M, 7 C

# TWILIGHT

The birds and the animals
waiting for the moon
and go to the darkness of sleep
for a few minute the nature
steps into quite
The darkness covers the nature
like a newspaper.

ATHIRA KANNAN
***7 C***

# My dreams

My dreams flows through my heart
My dreams opens my eye
My heart beat to do everything
My dreams try to make happiness
My dream travel always
Dreams make a wonder world
My dreams contain a lot of imagination
My dreams make a wonder world with happiness
My dream is a really magical land
My heart is beat to do everything
Happily wonder world today........

VISHNUPRIYA,7 C

## The days of rain

It is a was happy night
A cold air comes to my heart
Oh ! it was raining
The small of drops waterfall
Like nature's song
Touches my mind likes
Mother's affection
It makes me remember
The beautiful days child hood
The rain closed my eye slowly
I fell into a deep sleep

FATHIMATHUL ZUHRA. A. R

7 C

# Echo of Life

The ecstasy of being born
A girl into this world
Fantasies of my mind
Travelled  wide and fast
I climbed all heights
And reached atop
Reigning the world
As an impress.

Discovering the intrigues
Of the universe
As a scientist.
Encompassing myself
In the ragas of the universe

I for got myself in the
Melodies of music.

The flases of colors
That flourished through my mind
Coloured the canvas of my life
I knew no bounds
Everything with in my reach
And nothing impossible.

GAYATHRI
9 C

# I Am The Earth

I am the river flowing
I am the desert dry
I am the four winds blowing
I am the sunset sky
I am the forest breathing
I am the ocean wide
I am the storm clouds gathering
I am the mountain high
I am the earth
I am the earth
I am the earth
I am the earth
We are the children growing
You are the place we live
We are the seed you're sowing

We are the life give

We are the future rising

We will be your voice

We will watch and learn from you

We will make the choice

I am the earth

You're in our hands

I am the earth

We're in your care

I am the earth

Together we stand

I am the earth

This moment in time we share

***PRAJITHA.S***

# സുഹൃത്ത്

ആപത്തിൽ സഹായിക്കുന്നവർ

എൻ കണ്ണ് കലങ്ങിയാലോ വേദനിക്കുന്നവൾ

ഞാൻ വീണാൽ തീങ്ങുന്നവൾ

ഒരിക്കലും പിരിയാത്ത എൻ സുഹൃത്ത്

വൃക്ഷത്തിൽ വേരിനേക്കാൾ ആയമുള്ളതാണീബന്ധം

ഒറ്റവാക്കിൽ പറഞ്ഞു തീർക്കാനാകാത്തബന്ധം

എൻ പ്രിയ സുഹൃത്തേ നീയെന്നെയറിയുന്നു.

അണയാത്ത നിലവിളക്കായി എമനസ്സിലെന്നും നീമാത്രം.

ഒരിക്കലും പിണങ്ങാത്ത സ്നേഹത്തിലാണവർ

എൻ വേദനതകൾ കുറവുകൾ അറിയുന്നവൾ

ഒരിക്കലും പിരിയാൻ കഴിയുന്നില്ല നിന്നെ

ആർക്കുമേ തോൽപ്പിക്കാൻ കഴിയില്ല നമ്മെ

സൗഹൃദമില്ലാത്തവർക്കീ ബന്ധമറിയില്ല

ഈ ബന്ധത്തിൽ സുഖമറിയില്ല

വിലയറിയില്ല ആഴമറിയില്ല

ആരും നഷ്ടമാക്കരുതേയീ സൗഹൃദങ്ങൾ

***കീർത്തി. എസ്***

# എന്റെ അമ്മ

നെഞ്ചിലെ പാലാഴി എന്നിലേക്കിറ്റിച്ച്
പുഞ്ചിരി തൂകുന്നതമ്മ
മുന്നോട്ടെൻ കാലടികൾ വയ്ക്കുമ്പോൾ
പിന്നിലൊരു പ്രാർത്ഥന അമ്മ

കൈ വന്നതൊക്കനഷ്ടമായിനിൽക്കുമെൻ
കണ്ണീർ തുടപ്പതും അമ്മ
ഉള്ളിലെ നേരിലേ സ്നേഹമാണമ്മ
സ്നേഹത്തിൻ നിറകുടം അമ്മ

ഇനിയൊരു ജൻമ മുണ്ടെങ്കിൽ അമ്മേ
നിൻ മകളായ് പിറക്കണം ഈ മണ്ണിൽ
കാലമെൻ കൈകളിൽ കാണിക്കയായ് തന്ന
പുണ്യമാണെന്നുമെൻ അമ്മ.

*അഭിരാമി. എം. ആർ, 7C*

# കാവൽവിളക്ക്

ജനിച്ചനാൽ തൊട്ട് എൻ കാവലാൾ

എനിക്ക് ജീവിതം തന്നവൾ

സ്നേഹം എൻ അനന്തസാഗരം

സഹനത്തിൻ നിറകുടമാണമ്മ

കരുണതൻ കാവൽവിളക്കമ്മ

രക്ഷതൻമുഖമുദ്ര

വിദ്യതൻ നിറകുടമേന്തി

എൻ പാത തെളിച്ചനൾ

നന്മതൻ പാഠം ചൊല്ലി തന്ന

എൻ ആദ്യ വിദ്യാലയം

ജീവിതപാതയിലൂടനീളം സഞ്ചരിച്ചെൻ

**ആത്മസുഹൃത്തും വഴികാട്ടിയുമായി നീ**

*അഞ്ജിത. എസ്. എൽ, 7C*

# എന്റെ വിദ്യാലയം

ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
അതിലധികമായ് എന്റെ ചെറു വിദ്യാലയം
വിദ്യാലയമാം മണിപ്പുസ്തകത്തിലന്ന്ദ്യമായ്
എഴുതി അന്നാദ്യക്ഷരം.
എദ്യക്ഷരം എഴുതുന്നതാം വേളയിൽ
ഞാൻ വെറും പത്തുതളമാം പുഷ്പം
വിദ്യാലയത്തിൽ പടിവാതിലിൽ അന്നു
ഞാൻ പൂത്തുനിന്നു നിറങ്ങളാലെ
പൂക്കളാൽ പൂരിതമായ് അന്നെൻ വിദ്യാലയം
വേനൽ കടന്നു പോയ്
വർഷം കടന്നു പോയ്
കാറ്റും കടന്നുപ്പോയ് അന്നാവഴിയിൽ
കാലമാം സൂര്യന്റെ തേരതിൽ
ഓരോരോ ദളങ്ങൾ മാഞ്ഞുപോയി

പിന്നെ ആകാലചക്രത്തിൽ

ഒരു ദളംമാത്രം ബാക്കി വച്ച്

ബാക്കി ആ ഒരു ദളവും കാലചക്രത്തിൽ

ആഴ്ന്നപോയി.

വിദ്യാലയത്തിൽ ചിരികാല

സ്മരണകളിൽ ഞാൻ നടന്നു

മറ്റൊക വിദ്യാലയ മുറ്റത്തേക്ക്

അപ്പോഴും പിടിവിടാ വള്ളിയായ്

എന്നോട് ചേർന്ന് എൻ വിദ്യാലവു-

മതിനുള്ളിലെ സൗഹൃദവും.

***റസീന മോൾ***

***7C***

# പിറന്നാൾ സമ്മാനം

ഒരു ദിവസം ഒരു കൊച്ച ഗ്രാമത്തിൽ ഒരു പതിനാറു വയസ്സുള്ള മകൻ അവന് അമ്മയോട് ചോദിച്ച അമ്മ എന്റെ പതിനെട്ടാമത്തെ പിറന്നാളിന് അമ്മ എന്ത് സമ്മാനമാണ് തരുന്നത്....അമ്മ പറഞ്ഞു.പതിനെട്ടാം പിറന്നാൾ വരാൻ ഇനി വർഷങ്ങൾ ഉണ്ടല്ലോ മോനേ....!അത് അന്ന് തീരുമാനിക്കാം.ആ കുട്ടിക്ക് പതിനേഴ് വയസ്സ് കഴിഞ്ഞു ഒരു ദിവസം അമ്മയും കുട്ടി മകൻ പച്ചക്കറി വാങ്ങാൻ പോഴി പെട്ടന്ന് ഒരു വണ്ടി ഇടിച്ച അവന്റെ ബോധമറ്റുപോയി.റോഡിൽ വീണു.അവന്റെ അമ്മ അവനെ ഒരു ആശുപത്രിയിൽ വളരെ പെട്ടന്നു തന്നെ എത്തിച്ച.ഐ.സി.യുവിൽ ആക്കി പരിശോധിച്ച.ഡോക്ടർ പറഞ്ഞു.സഹോദരി നിങ്ങളുടെ മകന്റെ ഹൃദയം തകരാറിലാണ് സുക്ച്ചറിൽ ഒന്നും അറിയാതെ കിടന്ന മകൻ അമ്മയുടെ കരച്ചിൽ കണ്ട് ദുഖിതനായി അവൻ അമ്മയോട് ചോദിച്ച.അമ്മേ ഞാൻ മരിച്ച പോകുമ എന്നാണോ ഡോക്ടർ പറഞ്ഞത്. പൊട്ടിക്കരച്ചിൽ മാത്രമായിരുന്നു അമ്മയുടെ മറുപടി ഒരു വലിയ ശാസ്ത്രക്രിയയുക്ക് ഒടുവിൽ അവൻ പൂർണ്ണസൗഖ്യമായി ആശുപത്രിയിൽ നിന്ന് വീട്ടിൽ വന്ന് അവന്റെ അമ്മയെ കാണാൻ അവന്റെ അമ്മയെ കാണാൻ അവന്റെ കണ്ണുകൾ എല്ലായിടത്തും നോക്കി അവനൊരു കത്തു കിട്ടി മകനെ നീ ഈ കത്ത് വായ്ക്കുന്നു.അതിനർത്ഥം എന്റെ മകൻ പൂർണ്ണ സൗഖ്യം പ്രാപിച്ച നമ്മുടെ വീട്ടിൽ എത്തി എന്നാണ് മോനേ നീ ഓർക്കുന്നുവോ....?നീ ഒരിക്കൽ നീ എന്നോട്ചോദിച്ച.നിന്റെ പിറന്നാളിന് മോൻ എന്ത് സമ്മാനം തരുമെന്ന് എന്റെ മോൻ അമ്മ എന്ത് സമ്മാനമാണ് തന്നത് എന്ന് മോൻ അറിയേണ്ടേ .നീ നടന്ന് അലമാരയുടെ കണ്ണാടിയുടെ അടുത്ത് ചെന്ന് നെഞ്ചിൽ കൈവച്ച് നോക്ക് അത് ഈ അമ്മയുടെ ഹൃദയമായിരുന്നു. "എന്റെ പൊന്ന് മോന് ഒരായിരം ജന്മദിനആശംസകൾ സ്നേഹത്തോടെ അമ്മ".

ജിസാന ,9 C

# നഷ്ടം

അച്ഛന്റെയും അമ്മയുടെയും എകമകനാണ് മനു.അവർ അവനെ ഒരു പാട് സ്നേഹിച്ചു വളർത്തി.പഠനത്തിലും അനുസരണയിലും അവൻ മറ്റുള്ളവർക്ക് മാതൃകയാണ് അധ്യാപർക്ക് അവനെ വളരെ ഇഷ്ടമായിരുന്നു.അവന്റെ പത്താം ക്ലാസ് റിസർട്ട് വന്നപ്പോൾ 10A+ ഉണ്ടായിരുന്നു.അച്ഛനും അമ്മയ്ക്കും ഏറെ സന്തോഷമായി തുടർന്ന് സയൻസ് വിഷയമൊട്ത്ത് ഹയർ സെക്കന്റെറി പഠിച്ചു.+2 നും അവൻ സ്കൂൾ ഫസ്റ്റായി.സമ്മാനമായി അവന്റെ അച്ഛനും അമ്മയും ഒരു പുതിയ ഫോൺ വാങ്ങികൊടുത്തു.മനുവിന് കമ്പ്യൂട്ടർ എഞ്ചുനീയറാകാനായിരുന്നു മോഹം.കൂട്ടുകാരിൽ പലരും ബാംഗ്ലൂരിൽ പടിക്കുന്നു.അങ്ങനെ അവനും ബാംഗ്ലൂരിൽ പഠിക്കണമെന്ന് ആഗ്രഹിച്ചു. അവസാനം അച്ഛനും അമ്മയും മകന്റെ ഇഷ്ട്ത്തെ അംഗീകരിച്ചു.ബാംഗ്ലൂരിലെ ഏറ്റവും വലിയ എഞ്ചിനിയറിംഗ് കോളേജിലെ അഡ്മിഷൻ നേടി. ഹോസ്റ്റലിൽ കൊണ്ടാക്കിയ മാതാപിതാക്കൽ നിറഞ്ഞ കണ്ണുകളേടെ യാത്രപറഞ്ഞു.ആദ്യമൊക്കെ അവൻ അവന്റെ അച്ഛനെയും അമ്മയെയും ഫോണിൽ വിളിച്ച് സംസാരിക്കുമായിരുന്നു.ക്രമേണ മനു അച്ഛനെയും അമ്മയെയും ഫോണിൽ വിളിക്കാതയായി. കൂട്ടുകാരോടൊപ്പം ആടിപ്പാടി നടന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം മനുവിന്റെ അമ്മക്കൊരു ഫോൺ കോൾ വന്നു. വിളിച്ചത് പോലീസ് സ്റ്റേഷനിൽ നിന്നായിരുന്നു.

ബാംഗ്ലൂരിൽ പോലീസ് കസ്റ്റടിയിലാണ് മകൻ എന്ന് അറിഞ്ഞ് ആ പാവം മാതാപിതാക്കൾ തകർന്നുപോയി. അച്ഛനും അമ്മയും പോലീസ് സ്റ്റേഷനിൽ ഓടിയെത്തി പോലീസേ പറഞ്ഞു. "തന്റെ മകന്റെ ബാഗിൾ നിന്നും മൂന്ന് കിലോ ഗ്രാം ഹാഷിഷ് കണ്ടെത്തി ". മാർക്കറ്റിൽ ഇതിന് ഭയങ്കര വിലയാണ്. മാതാപിതാക്കൾ ഞെട്ടി നിനക്ക് എങ്ങനെ നിനക്ക് ഇത്ചെയ്യാൻ തോന്നി മോനെ എന്ന് പറഞ്ഞ് ആ അമ്മ പൊട്ടിക്കരഞ്ഞു.മനുവിനും കൂട്ടുകാർക്കും ജാമ്യം കിട്ടിയില്ല. വളരെ ഗുരുതരമായ കുറ്റമായതിനാൽ ജയിലിലടക്കപ്പെട്ടു. മാതാപിതാക്കൾ മനുവിനെ ഓർത്ത് നീറുന്ന മനസ്സുമായി മടങ്ങി. വളരെ താമസിക്കാതെ പിതാവ് ഈ ലോകത്തോട് യാത്ര പറഞ്ഞു. മകനായി നേർച്ചകൾ നേർന്നും പ്രാർത്ഥിച്ചും. അമ്മ ദിവസങ്ങൾ കഴിഞ്ഞു. മകൻ ജയിലിൽ നിന്നും ഇറങ്ങുന്ന ദിവസത്തിന്റെ തലേനാൾ അമ്മയും ഈ ലോകത്തോട് വിടപറഞ്ഞു. വർഷങ്ങൾക്ക് ശേഷം മനു വീട്ടിൽ പോയി.അച്ഛനമ്മമാരുടെ കുഴിമാടത്തിൽ വീണു കരഞ്ഞു. അവനെ ആശ്വസിപ്പിക്കാനാരുമുണ്ടായിരുന്നില്ല.അലമാര തുറന്നു അതിൽ ഒരു ഡയറി ഉണ്ടായിരുന്നു അവൻ അത് വായിച്ചു . " എന്റെ മകനെ എനിക്ക് നിന്നെ ഒരുപാട് ഇഷ്ട്ടമാണ്. ഈ ലോകത്തിൽ ആരെക്കാളും എന്തിനെക്കാളും ഞാൻ നിന്നെ സ്നേഹിക്കുന്നു .ലഹരി ഉപയോഗിച്ച് നശിക്കരുത്. എനിക്കു നിന്നെ എന്റെ പഴയ

മകനായി വേണം". നിറഞ്ഞൊഴികി അവന്റെ കണ്ണുകൾ.അമ്മയുടെ

കരഞ്ഞ മുഖം അവന്റെ മനസ്സിലേക്കാടിയെത്തി.ഇല്ല ഞാൻ ഒരിക്കലും ഒരു ലഹരിയും ഉപയോഗിക്കില്ല.മാപ്പ്.....മാപ്പ്.അമ്മയുടെ സ്നേഹത്തിന്റെ മണമുള്ള ൊരു കുഞ്ഞ് കാറ്റ് അവനെ തഴുകി കടന്നു പോയി.

*അക്ഷയ്.എ.എസ്*

## THE BROOK

I comes from haunts of coot and hern
I make a sudden sally
And sparkle out among the fern,
To bicker down valley.
By thrifty hills I hurry down.
Or slip between the ridges,
By twenty drops,a little town,
And half a hundred bridges.
Till last by phillip's farm I flow
To join the brimming river,
For men many come and men may go,
But I go on forever.

-Emeema.S
***9.C***

# കാലം

ആധുനിക പ്രഭാവമേറെയുണ്ടെങ്കിലും
അരുതായ് മകളാണീ ഉലകിലെല്ലാടവും
അവകാശങ്ങളോരോന്നായ്
തകർത്തെറിഞ്ഞീടുമ്പോൾ
അഗ്നിയാളിക്കത്തുന്നൊരെൻ
മനതാരിലും.......
പിഞ്ചോമനകളെ പിച്ചിച്ചീന്തിയ
കലാപകനെയും വൃദ്ധയാം
മാതാനവേ പീഡിപ്പിച്ച
നരാധമനും സോദരാതുല്യയാം
നാരിയെ തകർത്തെറിഞ്ഞ
കശ്മലനും ഈ പുതുയോഗത്തിൽ

കാർത്തിക്.വി.ബി

***9.C***

# GLOOMY DAY

The thunder is roaring out loud,
The lightning is smacking down,
The wind is lashing at me,
clouds encouraging them alone

My bed is my saviour,
The house is my fortress
The window barring the bad ones
Fully armoured of stand.

Archana.S.Suresh
***9.C***

# FUN IN NUMBER

“One, One,One,let's all run,
Let's enjoy the sun!

Two,Two,Two,what shall we do
Just wait and I'll tell you.

Three,Three,Three,let's climb a tree
And see what  we can see!

Four,Four,Four,this mango is sweet
let's give ourself a treat!

Five,Five,Five,look at that live!
Take  care! It's a wasp's live?



Nibiya.R.Biju
***9.C***

# സൗഹൃദം

"സൗഹൃദ ചെപ്പ് തുറക്കുമ്പോൾ
നീയെനിക്കു സമ്മാനിച്ച
ചെമ്പനീർ പൂവിൻ ഗന്ധമെന്നെ
സ്നേഹാർദ്രമായി തഴുകുന്നു...
നശ്വരമാമീ മലരുണങ്ങാം
പൂ മണവും മാറാം...

നിമിഷങ്ങളിൽ ഇതൾ
കൊഴിയുന്ന ജീവിതത്തിൽ
പവിത്രമാം ഹൃദയ ബന്ധത്താൽ
നമ്മളിൽ തളിർത്ത
വസന്തരാമത്തിൽ
വാസന പൂക്കൾ
അനശ്വരമെന്നറിയുക...."

ശ്രീതു.എ.എസ്

***9.C***

# ജീവൽസ്പന്ദങ്ങൾ

"എന്റെ ഭൂമിയായ് വെള്ളമായ് വായുവായ്
എന്റെ നിത്യനിദാനമാം സ്നേഹമേ,
നെഞ്ചിൽ നീർവീഴ്ച ഞെക്കി ഞെരുക്കവേ
നെല്ലരിത്തിള വെള്ള പകർച്ചയായ്
എൻ മുറിപ്പാട്ട പൊത്തിപൊതിഞ്ഞിട്ടും
പഞ്ഞിയായ് നേർത്ത ശിലയായ് ചീന്തലായ്
എന്റെ ചില്ലയ്ക്കു സൂര്യപ്രകാശമായ്
എന്റെ അന്നമായ് ഉപ്പായ് അനച്ചമായ്
എന്റെ  നിത്യനിദാനമാം സ്നേഹമേ."

നന്ദന.എസ്.എ

***9.C***

# 'മഹത് വചനങ്ങൾ'

"പ്രയത്നത്തിന്റെ ഫലമാണ് സമൃദ്ധി.
അതുതുടങ്ങുന്നതോ,സമ്പാദ്യശീലത്തിൽ നിന്ന്."

-എബ്രഹാംലിങ്കൺ

"നമ്മുടെ ശരീരമാണ് നമ്മുടെ പൂന്തോട്ടം.
നമ്മുടെ തീരുമാനങ്ങൾ അവിടുത്തെ തോട്ടക്കാരും."

-വില്യംഷേക്സ്പിയർ

"നിങ്ങൾക്കു നൂറുപേരുടെ പട്ടിണിമാറ്റാൻ
കഴിയില്ലെങ്കിൽ ഏതെങ്കിലും ഒരാളുടെതുമാറ്റൂ."

-മദർതെരേസ

"നേരത്തെതന്നെ കൈവരുന്ന സ്വർഗ്ഗമാണ്
സന്തുഷ്ടമായ കുടുംബം."

-ബർണാഡ് ഷാ

ഗായത്രി.എസ്

***9.C***

# Wishes To Friend

*Hope the time ahead*
*Brings you a world of*
*Joy and happiness with*
*All your heart's desire*
*And dreams coming true!*
*You're on my mind and in my*
*Heart each moment of the day,*
*And no one else in the world*
*Could make me feel this way!*
*And sweet dreams that last all*
*Night long whatever means beauty*
*And joy to you,that's what you are*
*Being wished every time though.....*

*Nibiya.R.Bij* ***9.C***

# ഓർമ്മപ്പെരുക്കം

ഗൗരി.ജെ.ആർ

ഓരോ വർഷവും സ്കൂളിൽ നിന്നും വിനോദയാത്ര പുറപ്പെടുമ്പോൾ ഞങ്ങൾ നിരാശയോടെ നോക്കിയിരിക്കും എന്നാണ് ഞങ്ങളുടെ യാത്ര? പത്താം ക്ളാസിലെത്താൻ കാത്തിരിക്കുകയായിരുന്നു.അങ്ങനെ,

2018 നവംബർ 31 ന്

ഞങ്ങളുടെ കാത്തിരിപ്പിന് വിരാമമായി വണ്ടർല, ആതിരപ്പിള്ളി, യാത്രയെക്കുറിച്ച് അറിയിപ്പ് വന്നതോടെ ഞങ്ങൾ ത്രില്ലിലായി. 95 വിദ്യാർത്ഥികളും ഞങ്ങളുടെ പ്രിയപ്പെട്ട 10 അധ്യാപകരുമായി യാത്രപുറപ്പെട്ടു.ഞങ്ങൾ പത്ത് ബി യിലെ വിദ്യാർത്ഥികൾക്കായി ഒരു ബസ്സ്.അവിടെ പ്രിയപ്പെട്ട സീന ടീച്ചറും സ്നേഹ സമ്പന്നരായ ശ്രീവിദ്യ ടീച്ചർ, നസീറ ടീച്ചർ എന്നിവരും ബഹുമാനപ്പെട്ട പ്രഥമാധ്യാപിക ശുഭലക്ഷ്മി ടീച്ചറും പിന്നെ വിനോദ് സാറും ശശാങ്കൻ മാമനും.സ്കൂളിൻറെ അധികാരിയായ ശുഭവക്ഷ്മി ടീച്ചർ ഞങ്ങളുടെ ടീച്ചറമ്മ, യാത്രയിൽ ഞങ്ങളിൽ മാറി. ഒരു യാത്രയിൽ എങ്ങനെയാവണമെന്ന് ഞങ്ങൾ മനസ്സിലാക്കിയതും ടീച്ചറമ്മയിൽ നിന്നുതന്നെ. രണ്ടാമത്തെ ബസ്സിൽ പ്രിയപ്പെട്ടവരായ റീന ടീച്ചറും സുമിത ടീച്ചറും സജിത ടീച്ചറും സുരേഷ് സാറും ശ്രീജിത്ത് ചേട്ടനും രാവിലെ മണിക്ക് സ്കൂളിൽ നിന്നും യാത്രയായി രണ്ട് ദിവസത്തേക്ക് ഞങ്ങൾ

പുസ്തകങ്ങളോടും ക്ളാസിനോടും വിട പറഞ്ഞു.
യാത്രയായ ഉടൻ തന്നെ പാട്ടിൻറെ താളത്തിനൊപ്പം ഞങ്ങളും ചുവട് വയ്ക്കാൻ തുടങ്ങി. ക്ളാസിൽ ഞങ്ങളെ അടക്കിയിരുത്തി പഠിപ്പിക്കുന്ന ടീച്ചർമാരും ഞങ്ങളോട് ഒപ്പം കൂടിയപ്പോൾ ആദ്യം അമ്പരന്നു.അമ്പരപ്പ് പിന്നെ ഹരമായി മാറി. എച്ച്.എം. ഞങ്ങളുടെ ബസ്സിലാണെന്നറിഞ്ഞത് മുതൽ ഭയമായിരുന്നു. എന്നാൽ ടീച്ചർ തീർത്തും ഞങ്ങളുടെ അധ്യാപികമാരിൽ ഒരാളായി മാറി. ആദ്യയാത്ര മട്ടാഞ്ചേരിയും ജൂതപ്പള്ളിയും ലക്ഷ്യമാക്കിയായിരുന്നു.ബസ്സിൻറെ വേഗത,പാട്ടിൻറെ താളം, നൃത്തച്ചുവടുകൾ, ഭക്ഷണം പോലും മറന്നു. ആലപ്പുഴ നിന്നായി പ്രഭാത ഭക്ഷണം. മട്ടഞ്ചേരിക്കൊട്ടാരത്തെക്കുറിച്ചുള്ള വിനോദ് സാറിൻറെ ക്ലാസ്. മട്ടാഞ്ചേരി കൊട്ടാരം ഞങ്ങളിൽ അത്ഭുതമുളവാക്കി. ജൂതപ്പള്ളിയുടെ വിശദീകരണം ഒരു ഗൈഡ് തന്നു. നേരെ മറൈൻ ഡ്രൈവിലേയ്ക്ക്.
ഫോർട്ട് കൊച്ചി തീർത്തും വിസ്മയിപ്പിച്ചു മീൻവലയും പിടയ്ക്കുണ മീനും അതിലേറെ കൗതുകം സമ്മാനിച്ചു.
കാഴ്ചകൾ കണ്ട് വീണ്ടും ബസ്സിനുള്ളിലേക്ക് എറണാകുളം നഗരപ്രാന്തത്തിലെത്തിയപ്പോൾ സ്റ്റീരിയോ ഓഫാക്കി. പിന്നെ പാട്ട് ഞങ്ങളുടെ വകയായി. ഊണ് കഴിക്കുവാനായി ആലുവയിൽ. എല്ലാവരുടേയും മുന്നിൽ ബിരിയാണി. ഞാനും സ്വാതിയും അനുപമയും അഞ്ജുവും ആദ്യം കയറിയെങ്കിലും ഞങ്ങൾക്ക് കാത്തിരിക്കേണ്ടി വന്നത് മറ്റുള്ളവരിൽ ചിരിയുളവാക്കി. ഭക്ഷണം കഴിക്കുമ്പോഴും വിശ്രമിക്കുമ്പോഴും

ഞങ്ങൾ റീന ടീച്ചറിനെയും സജിത ടീച്ചറിനെയും കൂടുതൽ അറിഞ്ഞു. യാത്ര തുടരവേ രാവിലെ മുതൽ ഇതുവരെ കണ്ട സ്ഥലങ്ങളെക്കുറിച്ചുള്ള പ്രശ്നോത്തരി ആവാമെന്ന് ഞങ്ങളുടെ ടീച്ചറമ്മ. നാലു ടീമാക്കി മത്സരം നടക്കുകയും വിജയികൾക്ക് വിനോദ് സാർ സമ്മാനം നൽകുകയും ചെയ്തു.

ഒന്നാം ദിവസം വൈകുന്നേരം6.30 ന് ആതിരപ്പിള്ളിയിലെത്തി. അവിടെയായിരുന്നു ഞങ്ങൾക്ക് താമസം തരപ്പെടുത്തിയിരുന്നത്. നേരെ ഹോട്ടലിലേയ്ക്ക്.കുളിച്ച് ഫ്രഷായി എല്ലാവരും ഊർജ്ജസ്വലരായി . 8 മണിയായപ്പോൾ ഡി.ജെ. പാർട്ടിക്കൊപ്പം ക്യാമ്പ് ഫയർ. വിനോദ് സാറിൻറെ കവിത, അബിൻറെ പാട്ട്, സുമിത ടീച്ചറിൻറെ ഗാനം, ഡാൻസ് ഇവ കൊഴുപ്പേകി. അതിലുപരി വയറ് നിറയെ ഇഷ്ടമുള്ള വിഭവങ്ങൾ.

2018 ഡിസംബർ 1

രണ്ടാം ദിവസം

തണുപ്പിൻറെ ശക്തി കൂടിയിരിക്കുന്നു. ആതിരപ്പിള്ളിയെക്കുറിച്ച് വീണ്ടും വിനോദ് സാർ. ഞങ്ങൾ ശ്രദ്ധാപൂർവ്വം കാത് കൂർപ്പിച്ചു. നാളെ പ്രശ്നോത്തരിയുണ്ടെങ്കിൽ... ആതിരപ്പിള്ളിയയുടെ കൈവഴിയിലേയ്ക്ക് ഞങ്ങൾ രാവിലെയിറങ്ങി. കാൽ നനച്ച് കൈകാൽ മുഖം കഴുകി.പ്രഭാത ഭക്ഷണം കഴിഞ്ഞ് ആതിരപ്പിള്ളിയുടെ വന്യമായ സൗന്ദര്യം നുകരാനായി . ഞങ്ങൾ യാത്രയായി.

ഞങ്ങളുടെ പൂർവികരെ അവിടെ വീണ്ടും കണ്ടു. അവരുടെ ചേഷ്ടകൾ സാകുതം നോക്കി കണ്ടു. സുന്ദരിയായുആതിരപ്പള്ളി പുഴയുടെ തിമിർപ്പ് ഞങ്ങളെ വിസ്മയിപ്പിച്ചു. മഞ്ഞുടുപ്പണിഞ്ഞ മലനിരകൾ ഞങ്ങളെ മാടിവിളിച്ചു. മടങ്ങാതിരിക്കാൻ ആവില്ലല്ലോ. പുഴയുടേയും കാടിൻെയും സൗന്ദര്യം നുകർന്ന് മനം കുളിർത്ത് നേരെ വണ്ടർലായിലേയ്ക്ക്. യാത്രയ്ക്കിടയിൽ ഞങ്ങളിലെ ഗായകർ സടകുടഞ്ഞെണീറ്റു. ശശാങ്കൻ മാമനും പാടി. ഞങ്ങളുടെ ടീച്ചറമ്മയ്ക്ക് അപ്പോൾ ഒരാഗ്രഹം. ഞങ്ങൾക്കൊപ്പം പഠിക്കാനായെങ്കിലെന്ന്.... ടീച്ചറമ്മയുടെ വാക്കുകൾ ഞങ്ങളുടെ സന്തോഷം ഇരട്ടിയാക്കി. ആട്ടവും പാട്ടും തുടർന്ന്കൊണ്ടേയിരുന്നു. വണ്ടർലായിൽ എത്തിയപ്പോൾ സമയം 12.30. 2.30 ന് ആഹാരം കഴിക്കാൻ ഒരുമിച്ച് കൂടണമെന്ന നിർദ്ദേശത്തോടെ ഞങ്ങളെ തുറന്നു വിട്ടു. ഞാനും സ്വാതിയും അഞ്ജുവും അനുപമയും ഒരുമിച്ചായിരുന്നു റൈഡുകളിൽ കയറിയത്. ഉത്സാഹം ജനിപ്പിക്കുന്നതോടൊപ്പം ഭയാനകവുമായിരുന്നു ചില റൈഡുകൾ. 6 മണിക്ക് വണ്ടർലായിൽ നിന്ന് മടങ്ങി മെട്രോവിലേയ്ക്ക്. മെട്രോ യാത്ര എല്ലാവർക്കും ആവേശമായി. ലുലു മാളിനടുത്തുള്ള സ്റ്റേഷനിൽ ഇറങ്ങി. അവിടെ നിന്ന് മാളിലേയ്ക്ക്. കാഴ്ചകൾ കണ്ട് കറങ്ങി നടന്നപ്പോൾ വിനോദ് സാറിൻെറ അന്ത്യശാസനം ഓർമ്മ വന്നു. എല്ലാവരും ഒത്തുകൂടി പുറത്തിറങ്ങി ആഹാരം കഴിച്ചു. അടുത്ത് കലാശക്കൊട്ടിലേയ്ക്ക് നീങ്ങുകയാണ്.....

ഇനി സിനിമ മാത്രം. യന്തിരൻ 2.0. സിനിമ തുടങ്ങിയതേ ഞങ്ങൾ കുട്ടികൾക്ക് ഓർമ്മയുള്ളൂ. സ്റ്റൈൽ മന്നൻ തകർത്താടുമ്പോൾ ഞങ്ങളെ നിദ്രാദേവി തഴുകിയിരുന്നു. കട്ടിലിൽ നിന്ന് ഉറങ്ങി എണീറ്റ പോലെ ഞങ്ങൾ വാഹനത്തിലേയ്ക്ക്. **ഒരു ബഹളവുമില്ല. എല്ലാവർക്കും ഉറക്കം തന്നെ. വെമ്പായമെത്തിയപ്പോൾ ഞങ്ങളെ ഉണർത്താനായുള്ള പാട്ട് മുഴങ്ങി. ഞങ്ങളുടെ സ്വപ്നയാത്ര പൂർത്തിയാക്കി രണ്ടാം തീയതി വെളുപ്പിന് 6 മണിക്ക് ഞങ്ങൾ സ്കൂളിൽ എത്തിച്ചേർന്നു. ഓർമ്മകളും അനുഭവങ്ങളും നെഞ്ചിലൊതുക്കി ഞങ്ങൾ വീടുകളിലേയ്ക്ക് യാത്രയായി.**

# ഉറുമ്പുപട്ടാളം

കുഞ്ഞിക്കുനനുറുമ്പിൻ കൂട്ടം
വരിവരിയായി പോകുന്നുണ്ടേ....
ചിട്ടയിലവരുടെ നടപ്പുകണ്ടിട്ടു-
ള്ളിലെനിക്കൊരു സന്ദേഹം

ലെഫ്റ്റ് റൈറ്റായ് നടക്കാനെന്തേ
അവർക്കുമുണ്ടോ പട്ടാളം
ഇത്രതിരക്കിട്ടരുവിയെപ്പോലെ
എവിടേക്കാണീ സഞ്ചാരം

ചക്കിയുറുമ്പിൻ കല്ല്യാണത്തിന-
കമ്പടിയാവാനാണോ ഈ ഗമനം
ഇല്ലൊരു ശത്രുപ്പടയുടെ നേർക്കു
ധിറുതി പിടിച്ച പുറപ്പാടാണോ

അല്ലല്ലവയുടെ വഴിനോക്കി
പിന്നാലെ ഞാൻ ചെന്നപ്പോൾ
അമ്പട ചോനന്മാരുടെ കൂട്ടം
പക്ങിടുന്നൊരു ശലഭത്തെ

അഭിജിത്ത് എസ്
8 എ

## പദസൂചിക

ambition.....8
appereance.....9
chin.....24
dream.....8
intention.....9
lip.....24
poverty.....9
thunder.....29
ഉത്സവം.....7
കൂട്ടം.....59
ജലദൗർലഭ്യം.....12
സന്ദേഹം.....59
സമൃദ്ധി.....52
സുഹൃത്ത്.....37
സ്പന്ദനം.....2



# നന്ദി നമസ്ക്കാരം